## മുഹർറം പത്തിലെ ചരിത്ര സംഭവങ്ങൾ

പ്രപഞ്ചചരിത്രത്തിലെ പ്രധാനമായ നിരവധി കാര്യങ്ങൾ മുഹർറം പത്തിന് സംഭവിച്ചതായും സംഭവിക്കാനുള്ളതായും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

> അർശിനെ സൃഷ്ടിച്ചു.

> ലൗഹുൽ മഹ്ഫൂളിനെ സൃഷ്ടിച്ചു.

> ഖലമിനെ സൃഷ്ടിച്ചു.

> ജിബ്രീലി(അ)നെ സൃഷ്ടിച്ചു.

> ദുൻയാവിനെ സൃഷ്ടിച്ചു.

> പ്രഥമമായി മഴ വർഷിച്ചു.

> ഭൂമിയിലേക്ക് ആദ്യമായി അനുഗ്രഹം ചൊരിഞ്ഞു.

> ആദം നബി(അ)യെ സ്വഫിയ്യാക്കി.

> ഇദ്രീസ് നബി(അ)യെ നാലാം ആകാശത്തിലേക്ക് ഉയർത്തി (വിശദീകരണം മർയം സൂറ:57ന്റെ തഫ്സീറിൽ കാണാം).

> നൂഹ് നബി(അ)യെ കപ്പലിൽ നിന്ന് പുറത്തിറക്കി.

> ഇബ്റാഹീം നബി(അ)യെ അഗ്നിയിൽ നിന്ന് രക്ഷപ്പെടുത്തി.

> യൂസുഫ് നബി(അ)യെ ജയിൽ മോചിതനാക്കി.

> യഅ്ഖൂബ് നബി(അ)ക്ക് കാഴ്ച തിരിച്ചു കിട്ടി.

> ഇസ്റാഈൽ ജനതക്ക് കടലിനെ പന്ത്രണ്ട് റോഡുകളാക്കിക്കൊടുത്തു.

> മൂസാ നബി(അ)ക്ക് തൗറാത്ത് നൽകി.

> ദാവൂദ് നബി(അ) നിഷ്കളങ്കനാണെന്ന് അല്ലാഹു പരസ്യപ്പെടുത്തി.

> സുലൈമാൻ നബി(അ)യെ ലോക ചക്രവർത്തിയാക്കി.

> അയ്യൂബ് നബി(അ)യെ ആരോഗ്യദൃഢഗാത്രനാക്കി.

> യൂനുസ് നബി(അ)യെ മത്സ്യോദരത്തിൽ നിന്ന് പുറത്തിറക്കി.

> ഈസാ നബി(അ)യെ രാം ആകാശത്തിലേക്ക് ഉയർത്തി (വിശദീകരണം സൂറത്തുന്നിസാഅ് 158þ–ാം സൂക്തത്തിന്റെ തഫ്സീറിൽ കാണാം).

> മുഹമ്മദ് നബി(സ്വ)യിൽ നിന്ന് തെറ്റുകളൊന്നും ഉ‍ാകുന്നതല്ലെന്ന് അല്ലാഹു ഉറപ്പ് നൽകി.

> അന്ത്യനാൾ സംഭവിക്കും. ഇതെല്ലാം നബി(സ്വ) പറഞ്ഞതായി ഇമാം അബൂഹുറയ്റ ഉദ്ധരിച്ചിട്ടു്.

> നാൽപതാം ദിവസം അല്ലാഹുവിനെ സമീപിക്കാൻ മൂസാ നബി(അ)യോട് നിർദ്ദേശിച്ചു.

> നാൽപതാം ദിവസം പൂർത്തിയായത് മുഹർറം പത്തിനാണ്.

> മൂസാ നബി(അ)യുമായി അല്ലാഹു മുഖതാവിൽ സംസാരിച്ചു.

> ഇമാം അലിയ്യി(റ)ന്റെ പുത്രൻ ഇമാം ഹുസൈൻ(റ) കർബലായിൽ രക്തസാക്ഷിയായി (ഗാലിയത്തുൽ മവാഇള്:2/86).

END